**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1256** **10-08-2023 - ൽ മറുപടിയ്ക്ക്**

**നാട്ടരങ്ങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാട്ടരങ്ങ് പദ്ധതിയെക്കുറിച്ചും ആയത് സംഘടിപ്പിക്കുന്നതിനായി എത്രത്തോളം സ്ഥലസൗകര്യം ആവശ്യമുണ്ടെന്നും വിശദമാക്കാമോ; | (എ) | **ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുസ്ഥലം ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തിയാണ് നാട്ടരങ്ങ് സ്ഥാപിക്കുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യവത്ക്കരണത്തിനായി ചുമർ ചിത്രങ്ങളും ചെറുശില്പങ്ങളും റിലീഫ് വർക്കുകളും പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചിത സ്ഥല സൗകര്യം വേണമെന്ന് സൂചിപ്പിച്ചിട്ടില്ല. പകരം ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ സർക്കാർ അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള പൊതു സ്ഥലങ്ങളോ ആണ് പരിഗണിക്കുന്നത്.** |
| (ബി) | വാമനപുരം മണ്ഡലത്തിലെ കല്ലറയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | (ബി) | വാമനപുരം മണ്ഡലത്തിലെ കല്ലറയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാട്ടരങ്ങിന് ആവശ്യമായ ഭൂമിയും NOC യും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ